# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 15 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735–202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com

# ഭക്തിയുടെ നിറവിൽ അമ്പലപ്പുഴ സംഘത്തിന്റെ ശീവേലി

സന്നിധാനത്ത് ഭക്തി നിർഭരമായി അമ്പലപ്പുഴക്കാരുടെ ശീവേലി എഴുന്നള്ളത്ത് നടന്നു. ശനിയാഴ്ച വൈകിട്ട് അഞ്ച് മണിക്ക് മാളികപ്പുറം മണി മണ്ഡപത്തിൽ നിന്നും സന്നിധാനത്തേയ്ക്കാണ് എഴുന്നള്ളത്ത് നടന്നത്. മണി മണ്ഡപത്തിൽ നിന്നും മാളികപ്പുറം മേൽശാന്തി പൂജിച്ച് നൽകിയ തിടമ്പ് ജീവകയിൽ എഴുന്നള്ളിച്ചു വാദ്യമേളങ്ങൾ അകമ്പടിയേകി. പന്തളത്ത് നിന്നും തിരുവാഭരണത്തോടൊപ്പം വന്ന കൊടിക്കൂറ തിടമ്പിനൊപ്പം എഴുന്നള്ളിച്ചു. സ്വാമിമാരും മാളികപ്പുറങ്ങളും കർപ്പൂരതാലം ഏന്തി എഴുന്നള്ളത്തിൽ പങ്കെടുത്തു. എഴുന്നള്ളത്ത് പതിനെട്ടാം പടിക്കൽ എത്തിയപ്പോൾ പടി കഴുകി വൃത്തിയാക്കി പടിയിൽ കർപ്പൂരാരതി നടത്തി. തുടർന്ന് ക്ഷേത്രം പ്രദക്ഷിണം ചെയ്ത് മാളികപ്പുറത്ത് എത്തി ഇറക്കി എഴുന്നള്ളിച്ചു.

മാളികപ്പുറത്തുനിന്നും തിരികെ എത്തി തിരുവാഭരണം ചാർത്തിയ അയ്യപ്പവിഗ്രഹം ദർശിച്ച് വിരിയിൽ എത്തി കർപ്പൂരാഴി പൂജ നടത്തിയതോടെ പത്ത് നാൾ നീളുന്ന അമ്പലപ്പുഴ സംഘത്തിന്റെ ശബരിമല തീർഥാടനത്തിന് സമാപനം ആയി. മകരവിളക്ക് ദിവസം രാവിലെ നെയ്യഭിഷേകവും അത്താഴപൂജയ്ക്ക് മഹാനിവേദ്യവും നടത്തിയ ശേഷമാണ് ശീവേലി എഴുന്നള്ളത്ത് നടന്നത്. ഇരുമുടിക്കെട്ടിൽ കൊ ുവന്ന കാര എള്ള്, ശർക്കര, നെയ്യ്, തേൻ, കൽക്ക ം, മുന്തിരി എന്നിവ ചേർത്തു ാക്കിയ എള്ളു

പായസമാണ് ദേവന് നിവേദിച്ചത്. ജനുവരി ഏഴിനാണ് സംഘം അമ്പലപ്പുഴ ക്ഷേത്രത്തിൽനിന്ന് യാത്ര തിരിച്ചത്.

ഗോപാലകൃഷ്ണ പിള്ളയായിരുന്നു സംഘത്തിൽ സമൂഹപെരിയോർ, സംഘം പ്രസിഡന്റ് ഗോപകുമാർ, സെക്രട്ടറി മാധവൻകുട്ടി നായർ, ട്രഷറർ ചന്ദ്രകുമാർ തുടങ്ങിയവർ നേതൃത്വം നൽകി.

ശബരിമല നാളത്തെ ചടങ്ങുകൾ (16.01.2022)

.........

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ

4 മണിക്ക്.... തിരുനട തുറക്കൽ

4.05 ന്..... പതിവ് അഭിഷേകം

4.30 ന്... ഗണപതി ഹോമം

4.30 മുതൽ 11 മണി വരെ നെയ്യഭിഷേകം

7.30 ന് ഉഷപൂജ

7.45 മുതൽ 8.45 വരെ ഉദയാസ്തമയ പൂജ

11.30 ന് കലശാഭിഷേകം

12 ന് കളഭാഭിഷേകം

തുടർന്ന് ഉച്ചപൂജ കഴിഞ്ഞ് 1 മണിക്ക് തിരുനട അടയ്ക്കും .....

4 മണിക്ക് തിരുനട തുറക്കൽ

6.30 ന് തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന

6.45 ന് പടിപൂജ

ശേഷം മണിമണ്ഡപത്തിൽ നിന്ന് പതിനെട്ടാം പടിക്ക് മുന്നിലേക്കുള്ള എഴുന്നെള്ളത്ത്

9 മണിക്ക് ....അത്താഴപൂജ

10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.